ISSUE: 138

www.keralacartoonacademy.com KCA weekly E-news bulletin ● Dated 03-08-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

## കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 124-ാം ജൻമദിന ആഘോഷം



**കാർട്ടൂണിസ്റ്റ്** ശങ്കറിന്റെ 124-ാം ജൻമദിന ആഘോഷം അതിവിപുലമായി നടന്നു. ഒരുവർഷം നീളുന്ന 125-ാം ജൻമദിന ആഘോഷങ്ങൾക്കും കേരള സംസ്ഥാന സാംസ്കാരിക വകുപ്പിന്റെയും കേരള ലളിത കലാ അക്കാദമിയുടേയും നേതൃത്വത്തിൽ തുടക്കം കുറിച്ചു. ജൂലൈ 30ന് കായംകുളത്തുള്ള ശങ്കർ സ്മാരക മ്യൂസിയത്തിൽ കുട്ടികൾക്കായുള്ള കാർട്ടൂൺ ശിൽപ്പശാല കാർട്ടൂണി





സ്റ്റ് കാർത്തിക കറ്റാനം നയിച്ചു. 31ന് നടന്ന ജൻമദിന ആഘോഷ ചടങ്ങ് സഹകരണ വകുപ്പ് മന്ത്രിയും കായംകുളം എം.എൽ.എയുമായ എം. ലിജു ഉദ്ഘാടനം ചെയ്തു. മുതിർന്ന മാധ്യമ പ്രവർത്തകൻ എ. ജെ. ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. കായംകുളം മുനിസിപ്പൽ ചെയർമാൻ ശരത് ലാൽ ബെല്ലാരി അദ്ധ്യക്ഷനായിരുന്നു. കേരള ലളിത കലാ അക്കാദമി സെക്രട്ടറി ഇൻ ചാർജ് സബിതാ ബായി എ. എസ്., സി. എസ്. ബാഷ, കെ.കെ. ബാബുമോൻ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന കാർട്ടൂണിസ്റ്റ് സംഗമത്തിന് കാർട്ടൂണിസ്റ്റ് സുരേഷ് ഹരിപ്പാട്, മോഹനകുമാരൻ നായർ, സുനിൽ പങ്കജ്, കാർത്തിക കറ്റാനം, അജി അത്തിമൺ എന്നിവർ നേതൃത്വം നൽകി. ●

## അനു കെ പിള്ള നാടകത്തിൽ



കേരള കാർട്ടൂൺ അക്കാദമി അംഗം അനു കെ. പിള്ള ചണ്ഡാല ചിത്തം എന്ന നാടകത്തിൽ അഭിനയിച്ച് ശ്രദ്ധ നേടി. തൃപ്പൂണിത്തുറയിൽ നടക്കുന്ന അത്താഘോഷത്തിന്റെ ഭാഗമായി സംസ്കൃത കോളേജ് ഓഡിറ്റോറിയത്തിൽ ആയിരുന്നു നാടകം അരങ്ങേറിയത്. ദേവ് ജി ദേവൻ രചനയും സംവിധാനവും ചെയ്ത ചണ്ഡാള ചിത്തം എന്ന നാടകത്തിൽ അഭിനയിക്കുന്നത് രണ്ടുപേർ മാത്രമായിരുന്നു. അനു കെ. പിള്ളയോടൊപ്പം രംഗത്ത് ഉണ്ടായിരുന്നത് ആർ.എൽ.വി. മഹേഷ് കുമാർ ആയിരുന്നു. ●



## രാമായണ മാസത്തിലെ മത്തശേരിൽ ചിത്രങ്ങൾ


രാമായണ മാസത്തിൽ രാമായണ ചിത്രങ്ങൾ ഒരുക്കി കേരള കാർട്ടൂൺ അക്കാദമി അംഗം മനോജ് മത്തശേരിൽ ശ്രദ്ധ നേടുന്നു. രാമായണത്തിലെ കഥാപാത്രങ്ങളെ വ്യത്യസ്ഥമായശൈലിയിൽ ജലച്ഛായത്തിൽ മിനിയേച്ചർ ചിത്രങ്ങളായാണ് മനോജ് ഒരുക്കുന്നത്. കർക്കിടക മാസം കഴിയുന്നതുവരെ ഇതു തുടരും. 10x14cm ആണ് ചിത്രങ്ങളുടെ വലുപ്പം. മുപ്പത്തിയൊന്നു ചിത്രങ്ങൾ ഈ സീരീസിൽ ഉണ്ടാകും. ●

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർട്ടൂണിസ്റ്റ് @ 25



ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർട്ടൂണിസ്റ്റ് ഇരുപത്തഞ്ചാം വാർഷികം ആഘോഷിച്ചു. കാർട്ടൂൺ കലയുടെ വളർച്ചയ്ക്ക് ഇന്ത്യയിൽ തന്നെ മികച്ച സേവനമാണ് അവർ നൽകുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർട്ടൂണിസ്റ്റ് എന്ന സ്ഥാപനത്തിന് നേതൃത്വം കൊടുക്കുന്നത് മുതിർന്ന കാർട്ടൂണിസ്റ്റ് നരേന്ദ്രയാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർട്ടൂണിസ്റ്റിന് കേരള കാർട്ടൂൺ അക്കാദമിയുടെ ആശംസകൾ. ●

## പുസ്തക പരിചയം




# ഒരു കോമഡി സർവ്വീസ് സ്റ്റോറി

**പ്രസാധകർ; കേരള കാർട്ടൂൺ അക്കാദമി**
**എം. എസ്. മോഹനചന്ദ്രൻ**

**കേരള** കാർട്ടൂൺ അക്കാദമി പ്രസിദ്ധീകരിച്ച അക്കാദമിയുടെ വിശിഷ്ടാംഗം എം.എസ്. മോഹനചന്ദ്രന്റെ ഹാസ്യ ലേഖനങ്ങളുടെ സമാഹാരമാണ്  ഒരു കോമഡി സർവ്വീസ് സ്റ്റോറി. ബാങ്കു ജീവനക്കാരനായിരുന്ന ഗ്രന്ഥകർത്താവിന്റെ ദീർഘകാല അനുഭവങ്ങളാണ് ഇതിലെ മുഖ്യ പ്രമേയം. ബാങ്കിലെ സർവ്വീസിനിടയിൽ തടിച്ച ലഡ്ജറുകളോടു മല്ലിടവേ കൗണ്ടറിനകത്തു നിന്നും പുറത്തു നിന്നും ലഭിച്ച ആശയങ്ങളാണ് 'ഒരു കോമഡി സർവ്വീസ് സ്റ്റോറി' യുടെ കാതലെന്ന് ലേഖകൻ അനുസ്മരിക്കുന്നു. ഏതാനും ബാങ്കിങ്ങ് ഇതര ലേഖനങ്ങളും ഈ കൃതിയിലുണ്ട്. അറുപതു വർഷങ്ങൾക്കു മുമ്പുള്ള പ്രണയാർദ്രമായ കോളേജു ജീവിതത്തിന്റെ വിവരണങ്ങൾ  ഇന്നത്തെ യുവ തലമുറയ്ക്ക് അവിശ്വസനീയമായി തോന്നിയേക്കാം.

'ഓർമ്മയെഴുത്തിന്റെ പേരിൽ മിക്കവാറും എഴുത്തുകാർ കളവാണ് എഴുതുന്ന' തെന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ പരാമർശം അനുസ്മരിച്ചു കൊണ്ട് ഗ്രന്ഥകർത്താവ് തുറന്നു പറയുന്നു. ഈ ലേഖനങ്ങളിലെ വിഷയങ്ങളിൽ 90 ശതമാനവും സത്യത്തിൽ സംഭവിച്ചതു തന്നെയാണ്, കൂടുതൽ രുചികരമാക്കാൻ വേണ്ടി 10 ശതമാനം മാത്രമേ 'അജിനോ മോട്ടോ' ചേർത്തിട്ടുള്ളൂ. അതിൽപ്പെടുന്നതാണ് ലേഖനങ്ങൾക്ക് അക്കാദമി അംഗം കൂടിയായ കാർട്ടൂണിസ്റ്റ് സുഭാഷ് കല്ലൂർ നൽകിയിരിക്കുന്ന ആകർഷകമായ ഇല്ലസ്ട്രേഷനുകളും. കേരള ശബ്ദം ഗ്രൂപ്പു പ്രസിദ്ധീകരണമായ 'ഹാസ്യ കൈരളി' യിലൂടെ രണ്ടുവർഷത്തിലേറെക്കാലം വായനക്കാരെ രസിപ്പിച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ●

